(ഡി) ഇവ കയറ്റുമതി ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്.

(ബി) 2003-2004-ൽ സംഭരിക്കുന്ന പാലിന്റെ അളവ് വിപണനത്തേക്കാൾ അധികം ഇല്ലാത്തതിനാൽ പാൽപ്പൊടിയായി കൺവെർഷൻ ചെയ്യുന്നില്ല. എന്നാൽ ഉൽപ്പന്നമായി വിൽക്കുന്നതിനുവേണ്ടി ഓരോ മാസവും 27,000 ലിറ്റ റോളം പാൽ കൺവെർട്ട് ചെയ്ത് ഡയറിവൈറ്റ്നറായി ഉൽപ്പാദിപ്പിക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് പാലിൽനിന്ന് ക്രീം, വെണ്ണ, നെയ്യ്, ഐസ്ക്രീം, ഫ്ളവേർഡ് മിൽക് പേട, ചോക്ലേറ്റ്, ഹൽവ, പനീർ, തൈര്, സംഭാരം, കുൽഫി, പാലടമിക്സ് തുടങ്ങിയവ വ്യാവസായികാടിസ്ഥാനത്തിൽ ഉണ്ടാക്കുന്നുണ്ട്.

(ഡി) വളരെ കുറച്ച് നെയ്യ് മാത്രമാണ് മിൽമ നാളിതുവരെ കയറ്റുമതി ചെയ്തിട്ടുള്ളത്. മിൽമ ഉൽപ്പാദിപ്പിക്കുന്ന എല്ലാ ഉൽപ്പന്നങ്ങൾക്കും ആവശ്യത്തിന് പ്രാദേശിക വിപണി ഉള്ളതിനാൽ ആഗോള കമ്പോളത്തിൽ വിപണനം ചെയ്യുന്നതിനാവശ്യമായ സ്വയാർജ്ജിത ഗുണനിലവാര സർട്ടിഫി ക്കറ്റുകൾ ലഭിക്കുന്നമുറയ്ക്ക് കയറ്റുമതിയെപ്പറ്റി ആലോചിക്കുന്നതാണ്.

12-ാം ധനകാര്യ കമ്മീഷൻ

* 13 [586] ശ്രീ. ഡി. സുഗതൻ:
„ എം. മുരളി:
„ എ. പി. അനിൽകുമാർ:
„ ലൂഡി ലൂയിസ്:
„ കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 12-ാം ധനകാര്യ കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ താൽപ്പര്യം പരിരക്ഷിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് പറയുമോ;

(ബി) ധനകാര്യ കമ്മീഷൻ സംസ്ഥാനം സന്ദർശിക്കുമ്പോൾ സംസ്ഥാ നത്തെ രാഷ്ട്രീയ കക്ഷി പ്രതിനിധികളെ ചർച്ചയ്ക്കു വിളിക്കാറുണ്ടോ;

(സി) ഉണ്ടെങ്കിൽ കാലേക്കൂട്ടി സംസ്ഥാനത്തെ രാഷ്ട്രീയ കക്ഷികൾക്ക് മുമ്പിൽ വാദഗതികൾ നിരത്തുവാനാവശ്യമായ വിവരങ്ങൾ നൽകു വാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പ് മന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷനിൽനിന്നും അയച്ചു തന്നിട്ടുള്ള സ്റ്റേറ്റു മെന്റുകളുടേയും ചോദ്യാവലികളുടേയും മറുപടി സമയബന്ധിതമായി എത്തിച്ചുകൊടുക്കേണ്ട ശ്രമകരമായ ജോലിയിൽ സർക്കാർ ഏർപ്പെട്ടിരിക്കുകയാണ്. കൂടാതെ കേരളത്തിന്റെ താൽപ്പര്യങ്ങൾ ഉൾക്കൊള്ളുന്ന വിശദമായ ഒരു മെമ്മോറാണ്ടം കമ്മീഷനു നൽകുന്നുണ്ട്. ആയതിലേക്കായി 9-7-2003-ൽ സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ അദ്ധ്യക്ഷനായി ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ വർഷാവസാനം കമ്മീഷൻ കേരളം സന്ദർശിക്കുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന വസ്തുതകളും യാഥാർത്ഥ്യങ്ങളും ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നതാണ്.

(ബി) ഉണ്ട്.

(സി) പ്രസ്തുത വിവരങ്ങൾ ഒന്നും നൽകുന്ന പതിവില്ല.

കുളമ്പുരോഗത്തിന് ഹോമിയോ ചികിൽസ

* 14 [587] പ്രൊഫ. എ. ഡി. മുസ്തഫ:
,, സാവിത്രി ലക്ഷ്മണൻ:
ശ്രീ. എ. സുജനപാൽ:
,, തമ്പാനൂർ രവി:
,, ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളുടെ കുളമ്പു രോഗം സംസ്ഥാനത്ത് എവിടെയെല്ലാം കാണപ്പെടുന്നു;

(ബി) ഈ രോഗചികിൽസയ്ക്ക് ഫലപ്രദമായ മരുന്നു നൽകുവാൻ വെറ്ററിനറി ഡോക്ടർമാർക്ക് കഴിയുന്നുണ്ടോ;

(സി) ഈ രോഗം പിടിപെട്ട മിക്ക കന്നുകാലികളും ചത്തുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ രോഗത്തിന് ഫലപ്രദമായ ഹോമിയോ മരുന്നുണ്ടോ;

(ഇ) എങ്കിൽ ഇത്തരം രോഗം വരുന്ന കന്നുകാലികൾക്ക് ഹോമിയോ ചികിൽസ കൂടി പ്രയോഗിക്കാൻ നിർദ്ദേശം നൽകുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) 2002-2003 വർഷത്തിൽ കുളമ്പുരോഗം കേരളത്തിൽ വ്യാപകമായി പടർന്നു പിടിക്കുകയുണ്ടായി. എല്ലാ ജില്ലകളിലും രോഗബാധ ഉണ്ടായി. കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ വളരെ ശക്തമായിട്ടാണ് രോഗബാധയുണ്ടായത്. ഇടുക്കി, വയനാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ വളരെകുറച്ച് കന്നുകാലികൾക്കേ രോഗബാധയുണ്ടായിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly